# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.751 — 09/08/2017-ൽ മറുപടിയ്ക്ക്

## ഗോത്ര ജീവിക പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ചിറയം ഗോപകുമാർ<br>" ജി. എസ്. ജയലാൽ<br>" ഇ.ടി. ടൈസൺ മാസ്റ്റർ<br>" മുഹമ്മദ് മുഹസിൻ. പി : | | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | ഗോത്ര ജീവിക എന്ന പേരിൽ തൊഴിൽ നൈപുണ്യ പരിശീലന പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കാമോ; | (എ) | ഉണ്ട്. പട്ടികവർഗ്ഗ മേഖലയിൽ വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി അവരുടെ അഭിരുചിയും വിദ്യാഭ്യാസയോഗ്യതയും അനുസൃതമായ രീതിയിൽ എല്ലാ ജില്ലകളിലും ഊരുകളിൽ വച്ചു തന്നെ തൊഴിൽ നൈപുണ്യം നല്കുകയും, പരിശീലനം കഴിഞ്ഞ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ആധുനിക തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതുൾപ്പെടെയുള്ള സാമ്പത്തിക സഹായം നല്കുന്നതിനും ഇതിലൂടെ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. |
| (ബി) | ഗോത്ര ജീവിതത്തെ ഏതൊക്കെ തരത്തിൽ മെച്ചപ്പെടുത്തുന്നതിന് പ്രസ്തുത പദ്ധതി സഹായിക്കുമെന്ന് വിശദമാക്കാമോ? | (ബി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളുടെ തൊഴിൽ തൽപരത വിദഗ്ധ പരിശീലനത്തിലൂടെ വർദ്ധിപ്പിക്കുകയും നിലവിലുള്ള തൊഴിൽ വിപണിയിലെ അവസരങ്ങൾ മുതലെടുക്കുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുക, സംരംഭകത്വം വികസിപ്പിക്കുക എന്നതിലൂടെ പട്ടികവർഗ്ഗ കുടുംബങ്ങളിൽ മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്തി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.<br>പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് പട്ടികവർഗ്ഗ ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിക്കാനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ